**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2769** — 18/06/2018 -ൽ മറുപടിയ്ക്ക്

**വരവൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിലെ വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലെ വരവൂർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ 2018-19 അദ്ധ്യയനവർഷം എത്ര കുട്ടികൾ പുതിയതായി അഡ്മിഷൻ നേടിയിട്ടുണ്ട്; <br><br> (ബി) നിലവിൽ ഈ സ്കൂളിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; | (എ) & (ബി) ചില പ്രത്യേക സാഹചര്യത്തിൽ മധ്യവേനൽ അവധിക്കു ശേഷം ചില ജില്ലകളിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ താമസം നേരിട്ടതിനാൽ ജൂൺ 20 ഓടെ മാത്രമേ എല്ലാ ജില്ലകളിൽ നിന്നുമുള്ള 2018-19 അദ്ധ്യയനവർഷത്തെ ആറാം പ്രവൃത്തി ദിനം അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം പൂർത്തിയാകുകയുള്ളൂ. |
| (സി) ഇത്രയും കുട്ടികൾക്ക് സുരക്ഷിതമായി ഇരുന്നു പഠിക്കുന്നതിന് ആവശ്യമായ ക്ലാസ് മുറികൾ ഈ സ്കൂളിൽ ലഭ്യമല്ല എന്നുള്ളത് കണക്കിലെടുത്ത് ആവശ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; <br><br> (ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) & (ഡി) പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ